പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2871 — 12.10.2011-ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ ജൈവകൃഷി

| ചോദ്യം | മറുപടി |
| --- | --- |
| *ശ്രീമതി പി. അയിഷാ പോറ്റി* | *ശ്രീ. കെ.പി.മോഹനൻ*<br>കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും<br>വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്തെ കാർഷിക മേഖലയിൽ സമ്പൂർണ്ണ ജൈവകൃഷി നടപ്പിലാക്കുന്നതിന് നൂതനമായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) സംസ്ഥാനത്തിന്റെ ജൈവകൃഷിയുടെ ആവശ്യകത, സാദ്ധ്യത തുടങ്ങിയവ കണക്കിലെടുത്ത് ഒരു ജൈവ കൃഷി നയത്തിനു 10/2/2010 നു രൂപം നൽകി പ്രഖ്യാപിച്ചു കഴിഞ്ഞു. ധാന്യം, പഴം,പച്ചക്കറി,ദീർഘകാല വിളകൾ എന്നിവ സമ്പൂർണ്ണമായും ഘട്ടം ഘട്ടമായി ജൈവകൃഷിലേയ്ക്ക് കൊണ്ടുവരുക എന്നതാണ് ഈ നയം കൊണ്ടു സർക്കാർ ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം കൈവരിക്കാൻ വേണ്ടിയുള്ള പദ്ധതികൾ കൃഷി വകുപ്പു നടപ്പിലാക്കി വരുന്നു. 2010-2011 വർഷം സംസ്ഥാനത്ത് 900 ഹെക്ടർ സ്ഥലത്ത് ജൈവ രീതിയിൽ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗം, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയവ ഉല്പാദിപ്പിക്കുന്നതിന് ഹെക്ടറിന് 10000 രൂപ നിരക്കിൽ സഹായം നൽകിയിട്ടുണ്ട്. കൂടാതെ ബോധവൽക്കരണ സെമിനാർ കർഷകർക്കുള്ള പരിശീലനം എന്നിവയും നടപ്പിലാക്കി. 2011-2012 വർഷം പുതുതായി 3500 ഹെക്ടർ സ്ഥലത്തു കൂടി ജൈവ കൃഷി സർക്കാർ സഹായത്തോടുകൂടി |

വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ മുൻവർഷം ആരംഭിച്ച 900 ഹെക്ടർ സ്ഥലത്തെ കൃഷി 2011-2012 വർഷവും തുടരുന്നതാണ്. ആയതിലേക്കുള്ള സഹായധനവും ഹെക്ടറിനു 10000/-രൂപ നിരക്കിൽ കർഷകർക്കു നൽകുന്നതാണ്. കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനും സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ നൽകുന്നതിനുമുള്ള പരിപാടികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 6 കാർഷികമൊത്ത വ്യാപാര മാർക്കറ്റുകളിലൂടെയും പച്ചക്കറി വിപണരംഗത്തു പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന്റെയും വി എഫ് പി സി കെയുടെയും സഹായത്തോടെയും ജൈവ ഉൽപ്പന്നങ്ങളുടെ വിപണനം സാദ്ധ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനു ഉദ്ദേശിക്കുന്നു.

ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ധന സഹായം നൽകി വരുന്നു. പൈനാപ്പിൾ, ഇഞ്ചി, വാഴ, പച്ചക്കറി, കശുമാവ്, കുരുമുളക് തുടങ്ങിയ ഹോർട്ടികൾച്ചർ വിളകളെയാണ് ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ ജൈവകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 20000 രൂപ മൊത്തം ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 10000 രൂപ അനുവദിക്കുന്നതാണ്. ദേശീയ

എന്ന നിരക്കിൽ ലഭ്യമാക്കും ധനസഹായം മൂന്ന് ഗഡുക്കളായിട്ടാണ് നൽകുന്നത്. ആദ്യ വർഷം 4000 രൂപയും രണ്ടാമത്തെയും മൂന്നാമത്തെയും വർഷം 3000 രൂപ വീതവും നൽകുന്നതായിരിയ്ക്കും. 2011-12-ൽ ഈ വിളകളിൽ ജൈവകൃഷി പ്രാവർത്തികമാക്കുന്നതിന് 1500 ഹെക്ടർ സ്ഥലത്തെയ്ക്ക് 60 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

ജൈവ ഉത്പ്പന്നങ്ങളുടെ സർട്ടിഫിക്കേഷനു വേണ്ടി ദേശീയ ഹോർട്ടികൾച്ചർ മിഷൻ ധനസഹായം നൽകുന്നുണ്ട്. 50 ഹെക്ടർ സ്ഥലം ഒരു യൂണിറ്റായി കണക്കാക്കി ഇതിന്റെ സർട്ടിഫിക്കേഷനുവേണ്ടി അഞ്ച് ലക്ഷം രൂപ അനുവദിക്കുന്നതാണ്. സർട്ടി ഫിക്കേഷനുള്ള 5 ലക്ഷം രൂപ ആദ്യ രണ്ട് വർഷങ്ങളിൽ 1.50 ലക്ഷം രൂപ വീതവും, മൂന്നാമത്തെ വർഷം 2 ലക്ഷം രൂപ എന്ന നിരക്കിലും ലഭ്യമാക്കുന്നതാണ്. 2011-12- സാമ്പത്തിക വർഷത്തിൽ ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം 1500 ഹെക്ടർ സ്ഥലത്തേക്ക് 45 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ജൈവകൃഷി പ്രോത്സാഹനവും സർട്ടിഫിക്കേഷനും പദ്ധതിയധിഷ്ഠിതമായാണ് നടപ്പിലാക്കുന്നത്.

കൂടാതെ 30'x 8'x 2.5' വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റൊന്ന് നിർമ്മിക്കുന്നതിന് മൊത്തം 60,000 രൂപ ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 30,000 രൂപ അനുവദിക്കുന്നതാണ്.200

മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിന് 60 ലക്ഷം രൂപയുടെ പദ്ധതികൾക്ക് 2011-12-ൽ അനുമതി ലഭിച്ചിട്ടുണ്ട്.

വി. എഫ്. പി. സി . കെയുടെ ആഭിമുഖ്യത്തിൽ 2011-12 വർഷത്തിൽ ജൈവ പച്ചക്കറി കൃഷി വ്യാപന ക്യാമ്പ് 200 എണ്ണം പ്ലാൻ ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തു. കൂടാതെ ജൈവകൃഷി സംബന്ധിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാന ത്തൊട്ടാകെ 14 സെമിനാറുകളും 25 പഠനയാത്രകളും 34 മാതൃക പ്രദർശന തോട്ടങ്ങളും നടത്തുവാൻ പ്ലാൻ ചെയ്തിട്ടുണ്ട്. ഇതോടൊപ്പം 2010-11 വർഷത്തിൽ രൂപം കൊടുത്ത 70 ജൈവ ക്ലബ്ബുകൾ ശക്തിപ്പെടുത്തുകയും സംസ്ഥാനത്താകെ 6600 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ജൈവരീതിയിൽ വ്യാപിപ്പിക്കുവാനും ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ